# നമുക്ക് നഷ്ടമാകുന്ന കടൽ

സി.ആർ.നീലകണ്ഠൻനമ്പൂതിരി

ആഗോളവൽക്കരണവും ഉദാരവൽക്കരണവും വഴി ലോകം ഒരൊറ്റ ഗ്രാമമാകുകയാണെന്നും പഴയ ഗ്രാമചന്തകളിലെന്നപോലെ ഏതു രാഷ്ട്രങ്ങളുടെ ഉൽപ്പന്നങ്ങളും മറ്റേതു രാഷ്ട്രത്തിനും ലഭ്യമാകുന്ന അവസ്ഥയുണ്ടാകുമെന്നും ഇതുവഴി വ്യാപാരത്തിൽ പുത്തൻ ജനാധിപത്യവും സർവ്വർക്കും സമ്പൽസമൃദ്ധിയുണ്ടാകുമെന്നും ആണല്ലോ മനോരമയും മൻമോഹൻസിങ്ങും മുതൽ കെ. വേണുവും ചന്ദ്രബാബുനായിഡുവും വരെയുള്ളവർ പറയുന്നത്. കയറ്റുമതി വളരുന്നതുവഴി ആഭ്യന്തര ഉൽപ്പാദനവും വിപണിയും വികസിക്കുമെന്നുമാണ് ഈ വീക്ഷണത്തിൻെറ കാതൽ. അനിയന്ത്രിതമായ ഇറക്കുമതി മൂലം ഇന്ത്യയിലെ വ്യവസായങ്ങൾ ഒന്നൊന്നായി തകർന്നുകൊണ്ടിരുന്നു. പലതും പൂട്ടി. പലതും ബഹുരാഷ്ട്രകമ്പനികൾ വിഴുങ്ങി. പൊതുമേഖലയെ തകരാൻ വിട്ടു. 'വിദേശ' ഉൽപ്പാദനരീതികളുടെ നേട്ടങ്ങൾക്കുമുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത ഇന്ത്യൻ വ്യവസായം തകരുകതന്നെ വേണമെന്നായിരുന്നു ഇന്ത്യയിൽ 'പൊതുവെ' ഉയർന്നുവന്ന അഭിപ്രായം. നമ്മുടെ കമ്പോളത്തിൽ നമ്മുടെ ഉൽപ്പന്നങ്ങൾ തീരെ ഇല്ലെന്ന നിലയായി. കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി വ്യാപകമായപ്പോഴാണ് പലരുടേയും കണ്ണുതുറന്നത്. ഇതത്ര പന്തിയല്ലെന്നുകണ്ട് കർഷകരടക്കമുള്ള ഇന്ത്യൻ ഉൽപ്പാദകർ ഇപ്പോൾ തിരിച്ചടിക്കൊരുങ്ങിക്കൊണ്ടിരിക്കുകയാണ്.

ആഗോളവൽക്കരണം വഴി വളർച്ച പ്രാപിക്കുമെന്നു പ്രചരിപ്പിച്ചിരുന്ന കയറ്റുമതിയുടെ രംഗത്ത് നാം നേരിട്ടുകൊണ്ടിരുന്ന തകർച്ചയുടെ കഥ നമുക്കറിയാമായിരുന്നില്ല. ആണവപരീക്ഷണം തുടങ്ങിയവയാലുള്ള ഉപരോധം, ഗുണനിലവാരം, സുരക്ഷിതത്വം, പരിസ്ഥിതി, തൊഴിൽനിയമങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് മൂന്നാംലോകത്തുനിന്നുമുള്ള ഇറക്കുമതിയെ നിരുത്സാഹപ്പെടുത്താൻ പാശ്ചാത്യരാജ്യങ്ങൾ ഏറെക്കാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം വ്യാപാരം (താരിഫിതര) ഉപരോധങ്ങളൊന്നും മൂന്നാംലോകത്തേയ്ക്ക് തങ്ങൾ കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ബാധകമല്ല എന്നും അവർക്ക് ബോദ്ധ്യമുണ്ട്. (ആണവ ഉപരോധം കൊടുമ്പിരിക്കൊണ്ട കാലത്തും ഇന്ത്യക്കാർ പെപ്സിയും കൊക്കോകോളയും കിട്ടാതെ രോഗം വന്നു മരിക്കാതിരിക്കാൻ വേണ്ടി അവ ഇന്ത്യയിലേയ്ക്കു കയറ്റുമതി ചെയ്യുന്നുണ്ടല്ലോ!)

ഇന്ത്യൻ കയറ്റുമതിയിൽ (കേരളത്തിൻേറതും) പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് സംസ്കരിച്ച സമുദ്രോൽപ്പന്നങ്ങൾ. ആ രംഗത്ത് കടുത്ത പ്രതിസന്ധി സൃഷ്ടിക്കാൻ പോകുന്ന ഒരു നയപ്രഖ്യാപനം നടത്താൻ യൂറോപ്യൻ യൂണിയൻ (ഇ.യു.) പാർലമെൻറ് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. 'തോട്ടത്തിൽ നിന്നും മേശയിലേയ്ക്ക്'(Farm to table) എന്നതാണ് ഈ നയം. ആരോഗ്യത്തിനും ഉപഭോക്തൃസംരക്ഷണത്തിനുമായി ഇ.യു. രൂപീകരിച്ചിട്ടുള്ള കമ്മീഷൻ ഇതുസംബന്ധമായി തയ്യാറാക്കിയിട്ടുള്ള ധവളപത്രം പാർലമെൻറിൽ ചർച്ചയ്ക്കെടുക്കുകയാണ്. ഭക്ഷ്യരംഗത്തെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്താനുള്ള നിയമങ്ങൾ കർശനമായി പരിഷ്കരിക്കുന്നതിനാണ് ഈ ചർച്ചകൾ. കഴിഞ്ഞ 25 വർഷത്തിനിടയിൽ ഈ രംഗത്തുണ്ടാകുന്ന ഏറ്റവും വിപ്ലവകരമായ ഒന്നാണ് ഈ ധവളപത്രം എന്നാണ് കമ്മീഷൻെറ അദ്ധ്യക്ഷനായ ഡേവിഡ് ബ്രയാൻ പറയുന്നത്. അതതു രാജ്യങ്ങളിലെ നിയന്ത്രണസംവിധാനങ്ങളും ഉൽപ്പാദകരും ഈ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നുവെന്ന് തങ്ങൾക്കു ബോദ്ധ്യമായതായി കമ്മീഷൻ പറയുന്നു. യൂറോപ്പിനു പൊതുവായി ഒരു ഭക്ഷ്യസുരക്ഷിതത്വ അതോറിട്ടി രൂപീകരിക്കുകയെന്നതാണ് ഈ നീക്കത്തിൻെറ ലക്ഷ്യം. അടുത്ത ജൂലായ് മാസത്തിൽ ഈ സംവിധാനം നിലവിൽ വരും. ഭക്ഷ്യരംഗത്ത് ഓരോ ഘട്ടത്തിലും ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങൾ നടപ്പാക്കാൻ കഴിയും.

ഇപ്പോൾ നിലവിലുള്ള നിയമങ്ങളും ഹസാർഡ് അനാലിസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിൻറ് (HACCP) ഏർപ്പെടുത്തിയിട്ടുള്ള നിലവാരനിയന്ത്രണങ്ങളും മൂലം തന്നെ ഇന്ത്യയിലെ സമുദ്രോൽപ്പന്ന കയറ്റുമതിരംഗം കടുത്ത പ്രതിസന്ധിയിലാണ്. ഇന്ത്യയിൽ നിലവിലുള്ള സംസ്കരണനിലവാരം മെച്ചപ്പെടുത്താതെ ലോകകമ്പോളത്തിൽ പിടിച്ചുനിൽക്കാനാകില്ല. നമ്മുടെ സമുദ്രോൽപ്പന്നകയറ്റുമതിയുടെ 20 ശതമാനം (905 കോടി രൂപയുള്ള 65,315 ടൺ) യൂറോപ്പിലേയ്ക്കാണ്.

ഈ വെല്ലുവിളി നേരിടാൻ പര്യാപ്തമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനായി ഇന്ത്യ കാര്യമായ ശ്രമങ്ങളൊന്നും തന്നെ നടത്തുന്നില്ലെന്ന് എച്ച്.എ.സി.പി.യിലെ ലോകഭക്ഷ്യകൃഷി സംഘടന (FAU) ഉപദേഷ്ടാവായ ഡോ. ആനന്ദവല്ലി പറയുന്നു

1995ൽ ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതി യൂറോപ്യൻ രാജ്യങ്ങൾ നിരോധിച്ചപ്പോൾതന്നെ ഈ രംഗത്ത് വേണ്ട നടപടികൾ എടുക്കേണ്ടതായിരുന്നു. ഇവരുടെ നിർദ്ദേശങ്ങൾ അപ്പടി സ്വീകരിക്കേണ്ടതില്ല. നമ്മുടെ സാഹചര്യങ്ങൾ അനുസരിച്ച് അവയെ ഭേദപ്പെടുത്തി അക്കാര്യം അവരെക്കൊണ്ട് അംഗീകരിപ്പിക്കണം.